# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## റാന്നി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി6/1408/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 11/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി6/1408/2022 തീയ്യതി: 11/01/2023

## പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 01-12-2022 | 13-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2022 | 13-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സൂര്യപ്രഭ പി സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി നായർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശോഭാ ചാർളി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ജി സുധാകുമാരി | സെക്രട്ടറി | 01-04-2021 | 30-06-2021 |
| ശ്രീമതി മിനി മറിയം ജോർജ്ജ് | സെക്രട്ടറി | 01-07-2021 | 23-12-2021 |
| ശ്രീ രവീന്ദ്രനാഥ് ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-12-2021 | 11-01-2022 |
| ശ്രീമതി സുജാത നെപ്പോളിയൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-01-2022 | 23-01-2022 |
| ശ്രീമതി മിനി മറിയം ജോർജ്ജ് | സെക്രട്ടറി | 24-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുനീത ആർ പണിക്കർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 21-12-2021 |
| ശ്രീമതി സുജാത നെപ്പോളിയൻ | അസിസ്റ്റന്റ് സെക്രട്ടറി | 10-01-2022 | 31-03-2022 |
| ശ്രീ ലാൽ കുമാർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. നിഥിൻ എ ജി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ആശിഷ് പണിക്കർ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ലക്ഷ്മി ജി കൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ഷാലിമ എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ അശ്വിൻ ചന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ ശ്യാം കൃഷ്ണപ്രസാദ് | വി.ഇ.ഒ I | 01-04-2021 | 31-03-2022 |
| ശ്രീമതി ഫസീല ബീവി കെ എം | ഹെഡ്മിസ്ട്രസ് | 01-04-2021 | 12-12-2021 |
| ശ്രീമതി ഷീജ | ഹെഡ്മിസ്ട്രസ് | 13-12-2021 | 31-03-2022 |
| ശ്രീമതി റോസമ്മ സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| സി | | | |
| ശ്രീ സജീഷ് കുമാർ ജെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 07-07-2021 |
| ശ്രീ പ്രശാന്ത് പി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 08-07-2021 | 31-03-2022 |
| ശ്രീമതി സിന്ധു വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ശ്രീമതി സുജാത നെപ്പോളിയൻ 10.01.2022 ലാണ് അസിസ്റ്റന്റ് സെക്രട്ടറിയായി ചാർജെടുത്തത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക- അപാകതകൾ | 1-2 |
| 3 | സാമ്പത്തിക നില(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രിക- അപാകതകൾ | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ | 1-10 |
| 12 | സർക്കാർ ഓഫീസുകളുടെ വസ്തുനികുതി ഇനത്തിൽ 7.58 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 1-11 |
| 13 | വസ്തുനികതി നിർണ്ണയത്തിൽ അപാകത | 1-12 |
| 14 | മൊബൈൽ ടവറിന്റെ വസ്തുനികതി ഇനത്തിൽ ചെറിയ തുക ഈടാക്കുന്നു | 1-13 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 1.23 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 1-14 |
| 16 | വനവികസനനികുതിയിനത്തിൽ ഈടാക്കിയ തുക ട്രഷറിയിൽ അടവാക്കിയില്ല | 1-15 |
| 17 | മുറിച്ചുമാറ്റിയ തടികൾ ലേലം ഉറപ്പിച്ച് നൽകിയിട്ടില്ല | 1-16 |
| 18 | തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-17 |
| 19 | ലൈസൻസ് പിരിവ് - പൊതുവായ അപാകങ്ങൾ | 1-18 |
| 20 | CFLTC യുടെ പ്രവർത്തനത്തിനായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗശൂന്യമാകുന്നു | 1-19 |
| 21 | അങ്കണവാടികൾക്ക് പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല | 1-20 |
| 22 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല | 1-21 |
| 23 | അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചില്ല | 1-22 |
| 24 | വീട് മെയിന്റനൻസ്- പൂർത്തീകരിച്ചില്ല | 1-23 |
| 25 | കോവിഡ് പശ്ചാത്തലത്തിൽ മാറ്റിവച്ച ഹോണറേറിയം തുക ജനപ്രതിനിധികൾക്ക് തിരികെ നൽകി | 1-24 |
| 26 | മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ ക്ഷേമപെൻഷൻ അക്കൗണ്ട് | 1-25 |

| | | |
|---|---|---|
| | സസ്പെൻഡ് ചെയ്തില്ല | |
| 27 | മരണം രജിസ്റ്റർ ചെയ്യുന്നത് രണ്ട് പ്രാവശ്യം | 1-26 |
| 28 | കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-27 |
| 29 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 1-28 |
| 30 | കുളത്താനി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 1-29 |
| 31 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ്, 19-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ 1 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 6244523 |
| തൻവർഷം വരവ് | 128800229 |
| ആകെ വരവ് | 135044752 |
| ചെലവ് | 131408229 |
| നീക്കിയിരിപ്പ് | 3636523 |

09-02-2022 ലെ 6(1) നമ്പർ പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക- അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ കാണിക്കുന്ന പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി
ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട്
ചെയ്തിട്ടില്ല.

3. ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat & District Panchayat ഇനങ്ങളിൽ (Code No-320700204,
320700205) 2223807 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. ഏത് പ്രോജക്ടുകൾക്കായി ലഭിച്ച തുകയാണെന്നോ, ഏതെല്ലാം
പ്രോജക്ടുകളുടെ നിർവ്വഹണശേഷം നീക്കിയിരിപ്പുള്ള തുകയാണെന്നോ എന്ന് വ്യക്തമല്ല. സംയുക്ത പദ്ധതികൾക്കായുള്ള പ്രത്യേക
ട്രഷറി അക്കൗണ്ടിൽ 885264 രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്.

4. ഷെഡ്യൂൾ B4- ശുചിത്വ മിഷൻ ഫണ്ട് നീക്കിയിരിപ്പ് തുക കൃത്യമല്ല.

5. കെ.യു.ആർ.ഡി.എഫ്.സി. ലോൺ(ലൈഫ് ) നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത് കൃത്യമല്ല. യഥാർത്ഥ നീക്കിയിരിപ്പ് 964317 രൂപയാണ്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി എടുത്ത കെ.യു.ആർ.ഡി.എഫ്.സി. ലോൺ ബാധ്യത തുക
അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

6. ഷെഡ്യൂൾ ബി11 :- ഗ്രാമപഞ്ചായത്തിന്റെ എല്ലാ മുൻകാല ആസ്തികളും തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് വക
ഭൂമി സ്ഥിര ആസ്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള
സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.

7. ഷെഡ്യൂൾ ബി11 :- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.-യ്ക്ക് അഡ്വാൻസ് നൽകിയതിൽ 1324570
രൂപയുടെ വിനിയോഗ സാക്ഷ്യപത്രം തൻവർഷം ലഭിച്ചിട്ടുണ്ട്. എന്നാൽ 709770 രൂപയാണ് ബന്ധപ്പെട്ട ഹെഡിൽ(410600102)

സ്ഥിര ആസ്തിയായി അക്കൗണ്ട് ചെയ്തത്.

8. ഷെഡ്യൂൾ ബി11 :- ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൻവർഷം റോഡ് മെയിന്റനൻസ് ഗ്രാന്റിൽ
നിന്നും 4072537 രൂപ റോഡ് കോൺക്രീറ്റിംഗിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.
വാർഷിക കണക്ക് പ്രകാരം റോഡ് ആസ്തികളുടെ ആകെ മൂല്യം 9125823 രൂപ മാത്രമാണ്.

9. ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ
സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10. ഷെഡ്യൂൾ ബി-18: പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുള്ള മുൻകൂർ തുക(142786) വിനിയോഗ സാക്ഷ്യപ്പത്രം വാങ്ങി ക്രമീകരിച്ചിട്ടില്ല.

11. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ
സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

12. ബസ് സ്റ്റാൻഡ് വരവ്, പാർക്കിംഗ് ഫീസ്-ഡിമാന്റ്, കളക്ഷൻ അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല.

13. പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും അംഗനവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ 262800 രൂപയും ലൈഫ് ലോൺ
തിരിച്ചടവ് ഇനത്തിൽ 306087 രൂപയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് സുലേഖയിൽ ജി.ഒ പ്രോജക്ട് ആയി ഉൾപ്പെടുത്തിയില്ല.
വികസന ഫണ്ട്(എസ്.സി.പി)-യിൽ നിന്ന് ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 45913 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത്
സുലേഖയിൽ ജി.ഒ പ്രോജക്ട് ആയി ഉൾപ്പെടുത്തിയില്ല. വാർഷിക കണക്കിലും ഈ വ്യത്യാസം നിലനിൽക്കുന്നു.

14. പ്രോജക്ട് നിർവ്വഹണ ചെലവുകൾ അഡ്മിനിസ്ട്രേറ്റീവ് എക്സ് പെൻസ് ആയി ഷെഡ്യൂൾ I-11(b)-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. News
Paper Advertising Charge - ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല.

15. ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന
തുകകൾക്ക് ആധാരമായ അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ
സൂക്ഷിച്ചിട്ടില്ല.

16. എഴുതി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും
മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,
സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). ഓഡിറ്റിന്
ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-3 സാമ്പത്തിക നില(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12510712.21 |
| ഓഡിറ്റ് വർഷത്ത വരവ് | 51595538.00 |
| ആകെ | 64106250.721 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 43888140.7 |
| നീക്കിയിരിപ്പ് | 20218110.21 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8321325 | 8321325 | 8057972 | 263353 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2706900 | 2706900 | 2407363 | 299537 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 204210 | 204210 | 198000 | 6210 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 4846763 | 4846763 | 1509300 | 3337463 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 0 | 2030317 | 2030317 | 1175906 | 854411 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 5149130 | 5149130 | 1175906 | 3973224 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7168093 | 7168093 | 3247115 | 3920978 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 812893 | 570000 | 1382893 | 344910 | 1037893 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1559790 | 105000 | 1664790 | 837000 | 827790 |
| ബയോഡൈവേഴ്സിറ്റി ഗ്രാന്റ് | 12646 | 660822 | 673468 | 23652 | 649816 |
| ജലനിധി(Sustainability Project) | 925000 | 1421626 | 2346626 | 590 | 2346036 |
| ജലനിധി | 210824 | 892263 | 1103087 | 590 | 1102497 |
| ലൈഫ്-സ്റ്റേറ്റ് ഷെയർ | 0 | 800000 | 800000 | 300000 | 500000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 2751 | 17405251 | 17408002 | 17407800 | 202 |
| ഐ.സി.ഡി.എസ്. | 660824 | 446956 | 1107780 | 205072 | 902708 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രിക- അപാകതകൾ

2021-22 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗപത്രികകൾ തയ്യാറാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

| വിഭാഗം | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 8321325 | 7087505 | 1233820 | അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ 788400 രൂപ, ലൈഫ് മിഷൻ വായ്പ തിരിച്ചടവ് 445420എന്നിവ ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല. . |
| വികസനഫണ്ട്-എസ്.സി.പി | 2706900 | 2366087 | 340813 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് 67913 രൂപ GO(Rt.) നം.2617/22 ധന തീയതി 31.03.2022 പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ച 272900 എന്നിവ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| വികസനഫണ്ട്-റ്റി.എസ്.പി | 204210 | 198000 | 6210 | GO(Rt.) നം.2617/22 ധന തീയതി 31.03.2022 പ്രകാരം അനുവദിച്ച 6210 വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 5149130 | 4853319 | 295811 | സ.ഉ.(സാധാ) നം.2617/22 ധന തീയതി 31.03.2022 പ്രകാരം അനുവദിച്ച 295811 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 7168093 | 6545000 | 623093 | G.O.(Rt.)2617/2022 തീയതി 31.03.2022 പ്രകാരം 623093 രൂപ അനുവദിച്ചത് വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല

| ക്രമ നം | വിഭാഗം | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 8057972 | 7489095 | 568887 | അംഗനവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ 262800 രൂപയും ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 306087 രൂപയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് സുലേഖയിൽ ജി.ഒ പ്രോജക്ട് ആയി ഉൾപ്പെടുത്തിയില്ല. ഇത് മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവിലും വ്യത്യാസം ഉണ്ടായി. |
| 2 | വികസന ഫണ്ട്-എസ്.സി.പി | 2407363 | 2361450 | 45913 | ലൈഫ് ലോൺ തിരിച്ചടവ് ഇനത്തിൽ 45913 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയത് സുലേഖയിൽ ജി.ഒ പ്രോജക്ട് ആയി ഉൾപ്പെടുത്തിയില്ല. ഇത് മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവിലും വ്യത്യാസം വന്നു. |

3) സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കാത്തത് (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 120 | 66774034 | 95 | 27625924 | 25 | 41.37 % |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2750.99 | 609312 | 612062.99 | 611860.99 | 202 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 16795939 | 16795939 | 16795939 | |
| ആകെ | 2750.99 | 17405251 | 17408001.99 | 17407799.99 | 202 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1361 | 19347000 |
| വിധവാ പെൻഷൻ | 488 | 7616100 |
| കർഷക തൊഴിലാളി പെൻഷൻ | 26 | 403200 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 164 | 2578600 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 219000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.12.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 73001 രൂപ (എഴുപത്തിമൂവായിരത്തിയൊന്ന് രൂപ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറിയും പ്രസിഡണ്ടും ഒപ്പ് വെക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി അത്ര മെച്ചപ്പെട്ട നിലയിലല്ല. തനത് വരുമാനം പഞ്ചായത്തിന്റെ റവന്യൂ ചെലവുകൾ നിർവ്വഹിക്കുന്നതിന് പര്യാപ്തമല്ല. എന്നാൽ വരുമാന വർധനവിന് പഞ്ചായത്ത് രാജ് നിയമം അനുവദിക്കുന്ന സാധ്യതകൾ ഉപയോഗിക്കുന്നില്ല. ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഘടനാപരമായി മാറ്റം വരുത്തുന്നപക്ഷം അവയുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കുന്നില്ല. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾക്ക് പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നില്ല. ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സമയബന്ധിതമായി സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഡെത്ത് രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചതിൽ ഒരാളുടെ മരണം രണ്ടു പ്രാവശ്യം രജിസ്റ്റർ ചെയ്തത് ശ്രദ്ധയിൽപ്പെട്ടു. ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തമാക്കി ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്ന രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, വിതരണവിവരം ഇവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ( ഉദാ.ബുക്ക് നം.9427,9428)

നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ( ഉദാ.ബുക്ക് നം.9427,9428,9429,9430,9431,9432,9433)

മേൽ സൂചിപ്പിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 സർക്കാർ ഓഫീസുകളുടെ വസ്തുനികുതി ഇനത്തിൽ 7.58 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിലുള്ള റാന്നി മിനി സിവിൽ സ്റ്റേഷൻ ബിൽഡിംഗിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഓഫീസുകളിൽ നിന്നുമായി 7.58 ലക്ഷം രൂപ വസ്തുനികുതി ഇനത്തിൽ വലിയ തുക ഈടാക്കാനുള്ളതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ വിവരം | കെട്ടിട നമ്പർ | അടിസ്ഥാന വസ്തുനികുതി | ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വസ്തു നികുതി |
|---|---|---|---|---|---|
| 1 | തഹസീൽദാർ<br>താലൂക്ക് ഓഫീസ്<br>റാന്നി | 13/244A | 2438 | 2019-20 മുതൽ 2021-22 വരെ<br>( 3 വർഷം) | 7314 |
| 2 | ,, | 13/244 B | 3478 | 2018-19 മുതൽ 2021-22 വരെ<br>( 3 വർഷം) | 10434 |
| 3 | ,, | 13/244 C | 1134 | 2015-16 മുതൽ 2021-22 വരെ<br>( 7വർഷം) | 7938 |
| 4 | ,, | 13/244 D | 2622 | 2020-21 മുതൽ 2021-22 വരെ<br>( 2 വർഷം) | 5244 |
| 5 | ,, | 13/244 E | 2592 | 2021-22<br>( 1 വർഷം) | 2592 |
| 6 | ,, | 13/244 H | 1634 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 8170 |
| 7 | ,, | 13/244 I | 1218 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 6090 |
| 8 | ,, | 13/244 J | 1324 | 2020-21 മുതൽ 2021-22 വരെ<br>( 2 വർഷം) | 2648 |
| 9 | ,, | 13/244 K | 2542 | 2020-21 മുതൽ 2021-22 വരെ<br>( 2 വർഷം) | 5084 |
| 10 | ,, | 13/244 L | 2628 | 2019-20 മുതൽ 2021-22 വരെ<br>( 3 വർഷം) | 7884 |
| 11 | ,, | 13/244 M | 1804 | 2018-19 മുതൽ | 7216 |

| | | | | | |
|---|---|---|---|---|---|
| | | | | 2021-22 വരെ<br>( 4 വർഷം) | |
| 12 | ഒന്നാം ക്ലാസ്സ് സ്പെഷ്യൽ മജിസ്ട്രേറ്റ് കോടതി | 13/245 | 623 | 2021-22<br>(ഒരു വർഷം) | 623 |
| 13 | തഹസീൽദാർ<br>താലൂക്ക് ഓഫീസ്<br>റാന്നി | 13/245A | 1508 | 2017-18 മുതൽ 2021-22 വരെ<br>( 5വർഷം) | 7540 |
| 14 | ,, | 13/245 B | 1508 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 7540 |
| 15 | ,, | 13/245 C | 1508 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 7540 |
| 16 | ,, | 13/245 D | 1508 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 7540 |
| 17 | ,, | 13/245 E | 1508 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 7540 |
| 18 | ,, | 13/245 F | 1508 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 7540 |
| 19 | ,, | 13/245 G | 1508 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 7540 |
| 20 | ,, | 13/245 H | 3856 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 19280 |
| 21 | ,, | 13/245 I | 3682 | 2021-22<br>( 1 വർഷം) | 3682 |
| 22 | ,, | 13/245 J | 4744 | 2021-22<br>( 1 വർഷം) | 4744 |
| 23 | ,, | 13/245 K | 2490 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 12450 |
| 24 | ,, | 13/245 L | 6344 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 31720 |
| 25 | ,, | 13/245 M | 3164 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 15820 |
| 26 | ,, | 13/245 N | 3164 | 2017-18 മുതൽ 2021-22 വരെ<br>( 5 വർഷം) | 15820 |

| | | | | | |
|---|---|---|---|---|---|
| 27 | ,, | 13/245 O | 4601 | 2017-18 മുതൽ 2021-22 വരെ ( 5 വർഷം) | 23005 |
| 28 | ,, | 13/245 P | 4601 | 2017-18 മുതൽ 2021-22 വരെ ( 5 വർഷം) | 23005 |
| 29 | ,, | 13/245 Q | 2454 | 2017-18 മുതൽ 2021-22 വരെ ( 5 വർഷം) | 12270 |
| 30 | ,, | 13/245 R | 3482 | 2017-18 മുതൽ 2021-22 വരെ ( 5 വർഷം) | 17410 |
| 31 | ,, | 13/245 S | 11012 | 2017-18 മുതൽ 2021-22 വരെ ( 5 വർഷം) | 55060 |
| 32 | ,, | 13/245 T | 9194 | 2017-18 മുതൽ 2021-22 വരെ ( 5 വർഷം) | 45970 |
| 33 | ,, | 13/245 U | 11561 | 2017-18 മുതൽ 2021-22 വരെ ( 5 വർഷം) | 57805 |
| 34 | ,, | 13/245 V | 7246 | 2017-18 മുതൽ 2021-22 വരെ ( 5 വർഷം) | 36230 |
| 35 | ,, | 13/245 W | 3224 | 2019-20 മുതൽ 2021-22 വരെ ( 3 വർഷം) | 9672 |
| 36 | ,, | 13/245 X | 2466 | 2019-20 മുതൽ 2021-22 വരെ ( 3 വർഷം) | 7398 |
| 37 | ,, | 13/245 Y | 2432 | 2019-20 മുതൽ 2021-22 വരെ ( 3 വർഷം) | 7296 |
| 38 | ,, | 13/245 Z | 6294 | 2017-18 മുതൽ 2021-22 വരെ ( 3വർഷം) | 18882 |
| | | | | ആകെ | 541536 |

മുകളിൽ കാണിച്ച പ്രകാരം ടി സർക്കാർ ഓഫീസുകളുടെ അടിസ്ഥാന വസ്തു നികുതിയായ 541536/-രൂപയോടൊപ്പം 5% ലൈബ്രറി സെസ്, 15% സേവന നികുതി എന്നിവ ഉൾപ്പെടെ 758130/- രൂപ ഈടാക്കേണ്ടതാണ്. പ്രസ്തുത തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 വസ്തുനികതി നിർണ്ണയത്തിൽ അപാകത

ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ സർവ്വെ നം- 48/12-15,48/25,48/25-1 സ്ഥലത്ത് ശ്രീ സോമനാഥൻ നായർ & ശ്രീ ശ്രീ കുമാരൻ നായർ എന്നിവരുടെ ഉടമസ്ഥതയിൽ 889.70 ച.മീ കൊമേഴ്സ്യൽ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിരുന്നു. 2021-22 രണ്ടാം അർദ്ധവർഷമാണ് കെട്ടിടത്തിന്റെ വസ്തുനികതി നിർണ്ണയിച്ചത്. കെട്ടിടത്തിന്റെ Total Built Up Area ചുവടെ പറയും പ്രകാരമാണ്.

| നില | Built Up Area | വിഭാഗം |
|---|---|---|

| | | |
|---|---|---|
| Ground Floor | 254.67m$^2$ | Commercal |
| First Floor | 316.91 M$^2$ | Commercal |
| Second Floor | 120.74m$^2$ | Commercal |
| | 171.12m$^2$ | Residential |
| Head Room | 6.47 M$^2$ | Commercal |
| | 19.79 M$^2$ | Residential |
| Total | 889.70 M$^2$ | |

പ്രസ്തുത കെട്ടിടത്തിന് 555, 555A-U എന്നിങ്ങനെ കൊമേഴ്സ്യൽ , റസിഡൻഷ്യൽ വിഭാഗങ്ങളിലായിട്ടാണ് നമ്പരിട്ട് നൽകിയത്. റസിഡൻഷ്യൽ ഭാഗത്തിന് ചതുരശ്ര മീറ്ററിന് 7 രൂപ നിരക്കിലും കൊമേഴ്സ്യൽ വിഭാഗത്തിന് 90 രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിച്ച് നൽകിയത് . വസ്തു നികുതി നിർണ്ണയത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 9(5) പ്രകാരം വാണിജ്യാവശ്യത്തിനോ ഓഫീസ് ആവശ്യത്തിനോ ഉപയോഗപ്പെടുത്തുന്ന ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ഭൂനിരപ്പിന് മുകളിലുള്ള ഒന്നാം നിലക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ 5%, രണ്ടാം നിലക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ 10 % എന്നിങ്ങനെ ഇളവിന് അർഹതയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ടി കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചപ്പോൾഒന്നാം നിലയിലെയും രണ്ടാം നിലയിലെയും കെട്ടിടഭാഗങ്ങൾക്ക് അർഹമായ ഇളവ് അനുവദിച്ച് നൽകാതെ എല്ലാ നിലകളിലെയും കെട്ടിടഭാഗങ്ങൾക്ക് ഒരേ വസ്തുനികുതിയാണ് നിർണ്ണയിച്ച് നൽകിയത്.

2) കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ റസിഡൻഷ്യൽ ഭാഗം - 190.91m$^2$', കൊമേഴ്സ്യൽ ഭാഗം 698.79m$^2$ എന്നിങ്ങനെയാണ്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ളത് റസിഡൻഷ്യൽ ഭാഗം - 190.91m$^2$', കൊമേഴ്സ്യൽ ഭാഗം 611.81 M$^2$ എന്നിങ്ങനെയാണ്. ഇത് പ്രകാരം കൊമേഴ്സ്യൽ ഭാഗത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ കുറവ് ഉണ്ടായിട്ടുണ്ട്.

ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-6/08-12-2022) നൽകിയതിന് ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുമെന്നാണ് അറിയിച്ചത്. സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ക്രമ നം- 1 പ്രകാരം ചൂണ്ടിക്കാട്ടിയ അപാകത പരിഹരിക്കേണ്ടതാണ്. കൂടാതെ ക്രമ നം- 2 പ്രകാരം വസ്തുനികുതി നിർണ്ണയത്തിലുണ്ടായ കുറവ് പരിഹരിക്കേണ്ടതുമാണ്. ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 മൊബൈൽ ടവറിന്റെ വസ്തുനികുതി ഇനത്തിൽ ചെറിയ തുക ഈടാക്കുന്നു

ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിലുള്ള റിലയൻസ് ഇൻഫോകോം ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിൽ (കെട്ടിട നമ്പർ- 9/165A) നിന്നും വളരെ ചെറിയ തുക വസ്തുനികുതി ഇനത്തിൽ ഈടാക്കുന്നതായി കാണുന്നു. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ടി ടവറിന്റെ പ്ലിന്ത് ഏരിയ 1.44 ച.മീ മാത്രമാണ് കാണിച്ചിട്ടുള്ളത്. 2015-16 വർഷമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. മൊബൈൽ ടവറുകൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 500 രൂപയാണ്. ഇത് പ്രകാരം നിശ്ചയിച്ചിട്ടുള്ള വസ്തുനികുതി 700 രൂപ മാത്രമാണ്. ഒരു മൊബൈൽ ടവറിന്റെ പ്ലിന്ത് ഏരിയ 1.44 ച.മീ എന്നുള്ളത് വിശ്വസനീയമല്ല. ടി വിഷയത്തിൽ ആവശ്യമായ പരിശോധന നടത്തി മറുപടി ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം- 8/21-22 തീയതി 08-12-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ടി വിഷയത്തിൽ സാങ്കേതിക വിഭാഗം പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 1.23 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ വലിയ തുക ഈടാക്കാനുള്ളതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം | കെട്ടിട നമ്പർ | അടിസ്ഥാന വസ്തുനികുതി | ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വസ്തു നികുതി |
|---|---|---|---|---|---|
| 1 | ജനറൽ മാനേജർ ബി.എസ്.എൻ.എൽ ലിമിറ്റഡ് | 2/142 | 3130 | 2013-14 മുതൽ 2021-22 വരെ ( 9 വർഷം) | 28170 |
| 2 | റിലയൻസ് | 2/142A | 4800 | 2020-21 മുതൽ | 9600 |

| | | | | | |
|---|---|---|---|---|---|
| | ഇൻഫോകോം ലിമിറ്റഡ് | | | 2021-22 വരെ ( 2 വർഷം) | |
| 3 | മാനേജർ ഐഡിയ ഇൻഫോകോം ലിമിറ്റഡ് | 4/198 | 6300 | 2021-22 ( 1വർഷം) | 6300 |
| 4 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 5/187 | 4000 | 2021-22 ( 1 വർഷം) | 4000 |
| 5 | വൊഡഫോൺ | 7/319 | 42592 | 2021-22 ( 1 വർഷം) | 42592 |
| 6 | ഐഡിയ | 7/324A | 1400 | 2021-22 ( 1 വർഷം) | 1400 |
| 7 | ഐഡിയ | 7/325 | 10082 | 2021-22 ( 1 വർഷം) | 10082 |
| 8 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 9/165 A | 720 | 2021-22 ( 1 വർഷം) | 720 |
| | | | | ആകെ | 102864/- |

മുകളിൽ കാണിച്ച പ്രകാരം ടി ടവർ ഉടമകളിൽ നിന്നും അടിസ്ഥാന വസ്തു നികുതിയായ 102864/-രൂപയോടൊപ്പം 5% ലൈബ്രറി സെസ്, 15% സേവന നികുതി എന്നിവ ഉൾപ്പെടെ 123437/- രൂപ ഈടാക്കേണ്ടതാണ്.ഇപ്രകാരം മൊബൈൽ ടവർ ഉടമകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കാനുള്ള വിഷയത്തിൽ അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-3/21-22 തീയതി 08-12-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രസ്തുത തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-15 വനവികസനനികുതിയിനത്തിൽ ഈടാക്കിയ തുക ട്രഷറിയിൽ അടവാക്കിയില്ല

തിരുവാഭരണപാതയിലെ മരം മുറിച്ചുമാറ്റിയത് ലേലം ചെയ്ത ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 7500 രൂപ ലഭിച്ചിട്ടുണ്ട്. ലേലത്തുകയുടെ 5% തുകയായ 375 രൂപ ടി തടി ലേലം ഉറപ്പിച്ച സാംബശിവൻ എന്ന വ്യക്തി (രസീത് നം. 100615/06.07.2021) വനവികസന നികുതി ഇനത്തിൽ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ടി തുക ട്രഷറിയിലെ ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/13.12.2022) പ്രസ്തുത തുക ട്രഷറിയിൽ അടവാക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മുറിച്ചുമാറ്റിയ തടികൾ ലേലം ഉറപ്പിച്ച് നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 12 ാം വാർഡിലെ മൂന്നുസെന്റ് കോളനിയിൽ വീടുകൾക്കുമുകളിൽ അപകടകരമായി നിന്നിരുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ജോലിക്കൂലിയിനത്തിൽ വൗച്ചർ നമ്പർ 22100151/01.06.2021 പ്രകാരം 37000 രൂപ ചെലവഴിച്ചിട്ടുണ്ട്. വനംവകുപ്പിൽ നിന്ന് 340047 രൂപ വാല്വേഷൻ ലഭിച്ച ടി മരങ്ങൾ ലേലം ചെയ്യുന്നതിനായി 05.08.2021, 28.09.2021 എന്നീ തീയതികളിൽ ലേലം നടത്തിയെങ്കിലും ലേലം ഉറപ്പിച്ച് നൽകിയിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/13.12.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ 04.10.2021 ൽ ക്വട്ടേഷൻ നടപടി സ്വീകരിച്ചെങ്കിലും വാല്വേഷൻ തുകയേക്കാൾ വളരെക്കുറഞ്ഞ തുകയ്ക്കുള്ള, ഒരു ക്വട്ടേഷൻ മാത്രമാണ് ലഭ്യമായതെന്നും തുടർന്ന് 06.11.2021, 29.07.2022, 01.11.2022, 09.11.2022 എന്നീ തീയതികളിൽ വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. തടികൾ ഉപയോഗശൂന്യമാകാതെ ലേലം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ

നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നുണ്ട്.

2021-22 വർഷത്തിലെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2021-22 സാമ്പത്തികവർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | 2021-22 |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, പുതുശ്ശേരിമല | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | കൊശമറ്റം ഫിനാൻസ് | ഒന്നാം അർദ്ധവർഷം |

ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2021-22 സാമ്പത്തികവർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | 2021-22 |
|---|---|---|
| 1 | കാനറാ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് , ബ്ലോക്ക് പടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | മുത്തൂറ്റ് മിനി ഫിനാൻസ്, ഉതിമൂട് | രണ്ടാം അർദ്ധവർഷം |
| 4 | സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, ഉതിമൂട് | രണ്ടാം അർദ്ധവർഷം |

ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

3. ഗ്രാമപ്പഞ്ചായത്തിൽ പ്രവ്യത്തിക്കുന്ന 2 റേഷൻ കടകളിൽ (നം.28,34) നിന്ന് മാത്രമാണ് ലൈസൻസ്സ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ പിരിച്ചെടുത്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നതും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതുമായ റാന്നി രാമപുരം ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇവരിൽനിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് കത്ത് നൽകിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

5. ഗ്രാമപ്പഞ്ചായത്തിൽ കരാർ പ്രവ്യത്തികൾ എറ്റെടുത്തിട്ടുള്ള കരാറുകാരിൽ 2 പേരിൽ (എബ്രഹാം സി കുരുവിള, ജയകൃഷ്ണൻ) നിന്ന് മാത്രമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന കരാറുകാർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രസീത് നമ്പർ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്, അല്ലാത്തപക്ഷം ഇവരിൽനിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

6. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ ജോലിനോക്കുന്ന വക്കീലന്മാർ, ആധാരമെഴുത്തുകാർ തുടങ്ങിയവരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട മേൽ സൂചിപ്പിച്ച അപാകങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം13/13.12.2022) മേൽ പരാമർശിച്ചിട്ടുള്ളവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ലൈസൻസ് പിരിവ് - പൊതുവായ അപാകങ്ങൾ

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 175 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്.

2021-22 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

2) തൻവർഷം ലൈസൻസ് എടുത്ത 175 സ്ഥാപനങ്ങളിൽ 35 സ്ഥാപനങ്ങളാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് എടുത്തിട്ടുള്ളത്. 2022ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ 2021-22സാമ്പത്തികവർഷത്തേക്കുള്ള 21 ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) മിക്ക സ്ഥാപനങ്ങളും സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ലൈസൻസ് ഫീസ് നിർണ്ണയിച്ചതിലെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. അപേക്ഷകളിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും അതനുസരിച്ച് ലൈസൻസ് ഫീസ് നിർണ്ണയിച്ച് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) 2021-22 സാമ്പത്തിക വർഷം 175 സ്ഥാപനങ്ങളിൽ നിന്നാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ അനുസരിച്ച് വാണിജ്യാവശ്യത്തിനുള്ളവ, ഓഫീസ് ആവശ്യത്തിനുള്ളവ എന്നീ ഉപയോഗക്രമങ്ങളിലായി 1126 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായ/വാണിജ്യ വിനിയോഗങ്ങൾക്ക് കെട്ടിട നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 CFLTC യുടെ പ്രവർത്തനത്തിനായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗശൂന്യമാകുന്നു

കോവിഡ്-19 രോഗം സ്ഥിതീകരിക്കപ്പെട്ട രോഗികളിൽ കാര്യമായ രോഗലക്ഷണം ഇല്ലാത്തവരും മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാത്തവരുമായ രോഗികളെ പ്രവേശിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ വൈദ്യസഹായവും പരിചരണവും നൽകുന്നതിനുമായി മേനാന്തോട്ടം നഴ്സിംഗ് ഹോസ്റ്റലിൽ CFLTC പ്രവർത്തിച്ചിരുന്നു.

നിലവിൽ ഗ്രാമപഞ്ചായത്തിൽ CFLTC യുടെ പ്രവർത്തനം നിർത്തിയ സാഹചര്യത്തിലും ഇതിന്റെ ആവശ്യത്തിനായി വാങ്ങിയ സാധനസാമഗ്രികൾ, മെഡിക്കൽ ഉപകരണങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവയെല്ലാം CFLTC പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

CFLTC പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിരിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള പ്രധാനപ്പെട്ടതും പുനരുപയോഗസാദ്ധ്യത ഉള്ളതുമായ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സീലിംഗ് ഫാൻ | 47 |
| 2 | ട്യൂബ് ലൈറ്റ് | 39 |
| 3 | ടേബിൾ ഫാൻ | 3 |
| 4 | ബൾബ് | 23 |
| 5 | എമർജൻസി ലൈറ്റ് | 1 |
| 6 | മോട്ടോർ | 1 |
| 7 | എക്സ്റ്റൻഷൻ ബോർഡ് | 3 |
| 8 | വാട്ടർ ഫിൽറ്റർ | 3 |
| 9 | ബെഡ്സ് | 120 |
| 10 | ഗ്യാസ് സിലിണ്ടർ | 2 |
| 11 | ഗ്യാസ് സ്റ്റൗ | 1 |
| 12 | ഇൻഡക്ഷൻ കുക്കർ | 1 |
| 13 | ബി പി അപ്പാരറ്റസ് | 2 |

| | | |
|---|---|---|
| 14 | ഗ്ലൂക്കോമീറ്റർ | 2 |
| 15 | തെർമോമീറ്റർ | 2 |
| 16 | പൾസ് ഓക്സിമീറ്റർ | 1 |

പുനരുപയോഗസാദ്ധ്യതയുള്ള ഉപകരണങ്ങൾ ഉപയോഗപ്രദമാക്കുന്നതിനും അല്ലാത്തവ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് കൈയൊഴിയുന്നതിനും നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 അങ്കണവാടികൾക്ക് പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ ആകെ 18 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ഇവയിൽ 10 എണ്ണവും നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് ആയിരം മുതൽ രണ്ടായിരത്തി അഞ്ഞൂറു രൂപവരെയാണ് പ്രതിമാസ വാടകയായി നൽകിവരുന്നത്. എന്നാൽ സാമൂഹ്യനീതി വകുപ്പിൽനിന്ന് 1000രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സർക്കാർ നൽകുന്ന തുക അപര്യാപ്തമായതിനാൽ അധികം വേണ്ടിവരുന്ന തുക അതത് അങ്കണവാടികളിലെ വർക്കർമാർതന്നെ വഹിക്കുകയാണെന്ന് ഐസിഡിഎസ് സൂപ്പർവൈസർ അറിയിച്ചത്. നൽകി വരുന്ന വാടകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അങ്കണവാടി നം. | പ്രതിമാസ വാടക | വകുപ്പിൽനിന്ന് ലഭിക്കുന്നത് | അധികം നൽകുന്നത് |
|---|---|---|---|
| 1 | 3000 | 1000 | 2000 |
| 5 | 2000 | 1000 | 1000 |
| 7 | 1500 | 1000 | 500 |
| 8 | 1500 | 1000 | 500 |
| 9 | 1300 | 1000 | 300 |
| 10 | 1500 | 1000 | 500 |
| 11 | 2500 | 1000 | 1500 |
| 12 | 2000 | 1000 | 1000 |
| 14 | 1500 | 1000 | 500 |
| 15 | 1500 | 1000 | 500 |
| ആകെ | | | 8300 |

അങ്കണവാടിക്കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം എന്നിവ സംബന്ധിച്ച സർക്കുലർ നമ്പർ 31055/DC2 /2011/ത.സ്വ.ഭ.വ തീയതി 22.03.2011 പ്രകാരം വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സംബന്ധിച്ചിടത്തോളം, കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം വഹിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഇതിനാവശ്യമായ തുക വാർഷിക പദ്ധതിയുടെ ഭാഗമായി കണ്ടെത്തേണ്ടതാണെന്നും ഇതിന് വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവ അതത് ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതുമാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ പറയുന്നു.

അങ്കണവാടി കെട്ടിടങ്ങളുടെ വാടക നൽകുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്നും തുകയൊന്നും പ്രസ്തുത ഇനത്തിൽ നൽകുന്നില്ല. വാടക തുക അംഗനവാടി വർക്കർമാർ സ്വന്തമായി കണ്ടെത്തുകയാണ് ചെയ്യുന്നത്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ 10 അങ്കണവാടികൾക്കായി ഓരോ മാസവും 8300 രൂപ വീതം വർക്കർമാരാണ് നൽകിവരുന്നത്. ആയതിനാൽ സർക്കാർ ഉത്തരവിന് വിധേയമായി അങ്കണവാടികളുടെ വാടക തുക ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളില്ല

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി 18 അങ്കണവാടികളാണ് പ്രവർത്തിച്ച് വരുന്നത്. ഇതിൽ സ്വന്തമായുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ആറ് എണ്ണം മാത്രമാണ്. 10 എണ്ണം വാടക കെട്ടിടത്തിലും രണ്ട് എണ്ണം പഞ്ചായത്ത് വക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് ആയിരം മുതൽ രണ്ടായിരത്തി അഞ്ഞൂറു രൂപവരെയാണ് പ്രതിമാസ വാടകയായി നൽകിവരുന്നത്. എന്നാൽ സാമൂഹ്യനീതി വകുപ്പിൽനിന്ന് 1000രൂപ മാത്രമാണ് അനുവദിക്കുന്നത്. സർക്കാർ നൽകുന്ന തുക അപര്യാപ്തമായതിനാൽ അധികം വേണ്ടിവരുന്ന തുക അതത് അങ്കണവാടികളിലെ വർക്കർമാർ തന്നെ വഹിക്കുകയാണെന്നാണ് ഐസിഡിഎസ് സൂപ്പർവൈസർ അറിയിച്ചത്. അധികം വരുന്ന വാടക തുക ഗ്രാമപഞ്ചായത്തുകൾക്ക് നൽകാമെന്ന് സർക്കാർ ഉത്തരവുണ്ടെങ്കിലും നിലവിൽ തുകയൊന്നും നൽകുന്നില്ല. നാലാം വാർഡിലെ 5-ാം നമ്പർ അങ്കണവാടി എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന പണിയുന്നതിനായി പൊളിച്ചുമാറ്റുകയും മേൽക്കൂര വാർത്ത് ഇട്ടിരിക്കുകയുമാണ്. 2018-19 വർഷം എഗ്രിമെന്റ് വച്ച ടി കെട്ടിടത്തിന്റെ പണി പൂർത്തിയാക്കേണ്ട കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം നിലവിലും പൂർത്തീകരിക്കാത്ത അവസ്ഥയാണുള്ളത്.

എല്ലാ അങ്കണവാടികൾക്കും വൈദ്യുതി സൗകര്യമുണ്ടെങ്കിലും സ്വന്തമായി കിണർ ഒരു അങ്കണവാടിക്കുമില്ല. സ്വന്തമായി കെട്ടിടമുള്ളവക്ക് വാട്ടർ കണക്ഷൻ ഉണ്ടെങ്കിലും പ്ലംബിംഗ് പ്രവർത്തികൾ നടത്തിയിട്ടില്ല. ആയതിന് ഗ്രാമപഞ്ചായത്തിന് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല.ബേബി ഫ്രണ്ട്ലി ടോയ് ലറ്റുകളുള്ള അങ്കണവാടികൾ ഇല്ല. രണ്ട് അങ്കണവാടികൾക്ക് വഴിസൗകര്യം ഇല്ല. പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രണ്ടാം നമ്പർ അങ്കണവാടിക്ക് വഴി സൗകര്യമില്ലായെന്നും മുറ്റത്ത് മരം ഭീഷണിയായി നിൽക്കുന്നുവെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. കുട്ടികളുടെ ജീവന് ഭീഷണിയായി നിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിന് ഗ്രാമപഞ്ചായത്തധികൃതർ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. പതിമൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന നാലാം നമ്പർ അങ്കണവാടിയുടെ ടോയ് ലെറ്റ് ശോച്യാവസ്ഥയിലാണ്. ആയത് ബ്ലോക്ക് പഞ്ചായത്ത് ബിൽഡിംഗിൽ ആയതിനാൽ ഗ്രാമപഞ്ചായത്തിന് മെയിന്റനൻസ് ചെയ്യാൻ പറ്റുന്നില്ലായെന്നുമാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചത്. രണ്ട് അങ്കണവാടികൾ ഒഴികെ ബാക്കിയൊന്നും ചുറ്റമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.8.2(1&2) സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുമായും വനിതാ ശിശുവികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്റ്റുകൾ ഏറ്റെടുക്കാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പുപദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശുവികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6എ.8 ലും പറഞ്ഞിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിച്ച്, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-22 അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചില്ല



ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ 4-ാം നമ്പർ അങ്കണവാടി നിർമ്മാണം എം.ജി.എൻ.ആർ.ഇ.ജി.എസ് വഴി നിർമ്മിക്കുന്നതിന് 2018-19 വർഷം പ്രോജക്ട് രൂപീകരിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നുവെങ്കിലും പണി പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്.

11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയിരുന്നത്. എൻ.ആർ.ഇ.ജി.എസ് ഫണ്ട് - 5 ലക്ഷം, ഗ്രാമപഞ്ചായത്ത് വിഹിതം- 2 ലക്ഷം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 2 ലക്ഷം, ഐ.സി.ഡി.എസ് വിഹിതം 2 ലക്ഷം എന്നിങ്ങനെയാണ് തുക വകയിരുത്തിയത്. 11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ അവിദഗ്ധ തൊഴിലാളികളുടെ വേതനമായി 106420/- രൂപയും വിദഗ്ധ തൊഴിലാളികളുടെ വേതനമായി 81525/- രൂപയും അർദ്ധ വിദഗ്ധ തൊഴിലാളികളുടെ വേതനമായി 213255/- രൂപയും സാധനസാമഗ്രികൾക്കായി 666966/- രൂപയും മറ്റിനങ്ങളിലായി 35910 രൂപയുമാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് 13-06-2019- ൽ ഭരണാനുമതിയും 14-06-2019- ൽ സാങ്കേതികാനുമതിയും ലഭിച്ച

അങ്കണവാടിയുടെ നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിനും വിദഗ്ധ തൊഴിലാളികളുടെ പ്രവൃത്തികൾക്കുമായി ഗ്രാമപഞ്ചായത്ത് ടെണ്ടർ ക്ഷണിക്കുകയും അബ്രഹാം.സി.കുരുവിള,ചക്കുമൂട്ടിൽ ഹൗസ്, റാന്നി എന്നയാളുടെ ടെണ്ടർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11-11-2019- ലെ 3(1)- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും 25-11-2019- ൽ ടിയാൾ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും തുടർന്ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കരാർ പ്രകാരം 25-05-2020-നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമായിരുന്നു. എന്നാൽ നിലവിലും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ മേൽക്കൂരയുടെ വാർപ്പ് വരെയുള്ള പണികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. എം.ബുക്ക് പ്രകാരം 17-01-2022- ന് ശേഷം കരാറുകാരൻ പണികളൊന്നും നടത്തിയിട്ടില്ല. അവിദഗ്ധ തൊഴിലാളികളുടെ വേതനമായി 11248/- രൂപയും വിദഗ്ധ

തൊഴിലാളികളുടെ വേതനമായി 112800/- രൂപയും സാധനസാമഗ്രികൾക്കായി 335066/- രൂപയുമാണ് ചെലവിട്ടത്. ഇത് പ്രകാരം എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾക്ക് 11248/- രൂപയും കരാറുകാരന് 447866/- രൂപയുമാണ് നൽകിയിട്ടുള്ളത്.

കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ആയത് പൂർത്തീകരിക്കുന്നതിന് 12-10-2022- ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാറുകാരന് നോട്ടീസ് നൽകിയിരുന്നതായി ഫയലിൽ കാണാൻ കഴിഞ്ഞു.നിലവിലുണ്ടായിരുന്ന അങ്കണവാടി കെട്ടിടം പൊളിച്ചുമാറ്റിയാണ് പുതിയ അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിച്ചത്. കഴിഞ്ഞ രണ്ട് വർഷമായി വാടക കെട്ടിടത്തിലാണ് അങ്കണവാടി പ്രവർത്തിക്കുന്നത്. ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച എല്ലാ തുടർനടപടികളും ഓഡിറ്റിന് ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാൻ തയ്യാറല്ലായെങ്കിൽ ടിയാനെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ മറ്റ് തുടർനടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതുമാണ്.

## 1-23 വീട് മെയിന്റനൻസ്- പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | ഭവനം വാസയോഗ്യമാക്കൽ (പട്ടിക ജാതി) |
| വകയിരുത്തിയ തുക | 900000/-<br>വികസനഫണ്ട് (ജനറൽ)- 221000/-<br>വികസനഫണ്ട് (എസ്.സി.പി)- 679000/- |
| ചെലവഴിച്ച തുക | വികസനഫണ്ട് (എസ്.സി.പി)- 679000/- |
| ബിൽ നമ്പരും തീയതിയും | ബിൽ നം-22/18-02-2022- 300000/-<br>ബിൽ നം-23/18-02-2022- 50000/-<br>ബിൽ നം-24/19-02-2022- 50000/-<br>ബിൽ നം-27/16-03-2022- 200000/-<br>ബിൽ നം-28/21-03-2022- 79000/- |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | വി.ഇ.ഒ |

പ്രസ്തുത പ്രോജക്ട് പ്രകാരം വീട് മെയിന്റനൻസ് പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 100000/- നൽകുകയാണ് ചെയ്യുന്നത്. 5 ഗുണഭോക്താക്കൾക്ക് 100000/- രൂപയും രണ്ട് ഗുണഭോക്താക്കൾക്ക് 50000/- രൂപയും ഒരാൾക്ക് 79000/- രൂപയുമാണ് (79000/- രൂപയുടെ വാല്വേഷനാണ് ഹാജരാക്കിയത്) നൽകിയത്. എന്നാൽ 50000/- രൂപ വീതം അഡ്വാൻസായി കൈപ്പറ്റിയ രത്നമ്മ ഭാസ്കരൻ,നെടുമണ്ണംകാലായിൽ, മന്ദിരം പി.ഒ, ബാലൻ.പി.ജി, പാരൂർ പടിഞ്ഞാറ്റേതിൽ, തോട്ടമൺ എന്നീ ഗുണഭോക്താക്കൾ നിലവിലും വീട് മെയിന്റനൻസ് പൂർത്തീകരിച്ച് ബാക്കി തുക കൈപ്പറ്റിയിട്ടില്ല. എഗ്രിമെന്റ് പ്രകാരം 31-03-2022- നകം മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി പൂർത്തീകരിച്ച് വാല്വേഷന്റെ അടിസ്ഥാനത്തിൽ അവസാനഗഡു തുക നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട് മെയിന്റനൻസ് പൂർത്തീകരിച്ച് അസ്സിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന വാല്വേഷന്റെ അടിസ്ഥാനത്തിലായിരുന്നു അവസാനഗഡു തുക നൽകേണ്ടിയിരുന്നത്. എന്നാൽ എൽ.എസ്.ജി.ഡി ഓവർസിയർ നൽകിയ വാല്വേഷന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അവസാനഗഡു തുക നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കോവിഡ് പശ്ചാത്തലത്തിൽ മാറ്റിവച്ച ഹോണറേറിയം തുക ജനപ്രതിനിധികൾക്ക് തിരികെ നൽകി

കോവിഡ് പശ്ചാത്തലത്തിൽ 23.04.2020 ലെ സ ഉ (അച്ചടി) നം.46/2020 നമ്പർ ഉത്തരവ് പ്രകാരം ജനപ്രതിനിധികളുടെ ഹോണറേറിയം ഇനത്തിൽ മാറ്റിവച്ച തുക 04/2021 ൽ തിരികെ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./ തീയതി | ചെക്ക് നമ്പർ/ തീയതി | തുക | വിവരണം |
|---|---|---|---|
| 22100025/12.04.2021 | 880481/ 12.04.2021 | 13200 | പ്രസിഡന്റിന്റെ ഹോണറേറിയം തിരികെ നൽകിയത് |
| 22100026/12.04.2021 | 880481/ 12.04.2021 | 10600 | വൈസ് പ്രസിഡന്റിന്റെ ഹോണറേറിയം തിരികെ നൽകിയത് |

| | | | |
|---|---|---|---|
| 22100027/12.04.2021 | 880482/ 12.04.2021 | 24600 | സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ ഹോണറേറിയം തിരികെ നൽകിയത് |
| 22100028/12.04.2021 | 880482/ 12.04.2021 | 56000 | മെമ്പർമാരുടെ ഹോണറേറിയം തിരികെ നൽകിയത് |
| ആകെ | | 104400 | |

ജനപ്രതിനിധികളുടെ ഹോണറേറിയം ഇനത്തിൽ മാറ്റിവച്ച തുക തിരികെ നൽകുന്നതിന് സർക്കാർ നിർദ്ദേശം ലഭിക്കാത്ത സാഹചര്യത്തിൽ തുക തിരികെ നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/06.12.2022) പ്രസ്തുത തുക തിരികെ അടവാക്കുന്നതിന് ടി കാലയളവിലെ എല്ലാ ജനപ്രതിനിധികൾക്കും അറിയിപ്പ് നൽകിയിട്ടുള്ളതായും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ ക്ഷേമപെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തില്ല

സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ വിവരങ്ങളും ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ വിവരങ്ങളും(01/2021-3/2022) താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും അവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്തുവരുന്നതായി കണ്ടെത്തി. മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കാത്തതിനാലാണ് ഈ അപാകത സംഭവിച്ചത്. മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക കൈമാറുന്നതിനാൽ ബന്ധുകൾ അക്കൗണ്ടിൽനിന്നും തുക പിൻവലിച്ചിരിക്കാനാണ് സാധ്യത. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാത്തതിനാൽ അധികമായി നൽകിയ പെൻഷൻ തുക | |
|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക |
| 1 | ലക്ഷ്മിക്കുട്ടിയമ്മ | 103980201004 | വാർദ്ധക്യകാല പെൻഷൻ | 13/11/2021 | 12/21-9/22 | 16000 |
| 2 | അന്നാമ്മ കുര്യൻ | 103980600273 | വിധവ പെൻഷൻ | 10/11/2021 | 12/21-9/22 | 16000 |
| 3 | ശ്രീധരൻ | 103980200622 | വാർദ്ധക്യകാല പെൻഷൻ | 24/09/2021 | 10/21-9/22 | 19200 |
| 4 | കെ ജി കുട്ടപ്പൻ | 103980200131 | വാർദ്ധക്യകാല പെൻഷൻ | 07/05/2021 | 6/21-9/22 | 25600 |
| 5 | സോമൻ പി കെ | 103980200738 | വാർദ്ധക്യകാല പെൻഷൻ | 30/08/2021 | 9/21-9/22 | 20800 |
| 6 | രാജമ്മ വി എൻ | 103980500003 | അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 13/09/2021 | 10/21-9/22 | 7200 |
| 7 | കെ എസ് ബേബി | 103980200879 | വാർദ്ധക്യകാല പെൻഷൻ | 29/08/2021 | 9/21-9/22 | 20800 |
| 8 | ഭവാനി | 103980200727 (DTH) | വാർദ്ധക്യകാല പെൻഷൻ | 18/08/2021 | 9/21-9/22 | 20800 |
| 9 | ആലീസ് ജോസഫ് | 103980200405 | വാർദ്ധക്യകാല പെൻഷൻ | 01/05/2021 | 6/21-9/22 | 25600 |

| | | | | | | |
|---|---|---|---|---|---|---|
| 10 | കമലമ്മ | 103980200299 | വാർദ്ധക്യകാല പെൻഷൻ | 25/03/2021 | 4/21-9/22 | 28800 |
| 11 | പൊന്നമ്മ റ്റി എൻ | 103980600225 | വിധവ പെൻഷൻ | 18/03/21 | 4/21-9/22 | 28800 |
| 12 | ചിന്നമ്മ | 103980200747 | വാർദ്ധക്യകാല പെൻഷൻ | 11/01/2020 | 2/20-9/22 | 51200 |
| 13 | കെ റ്റി സണ്ണി | 103980201222 | വാർദ്ധക്യകാല പെൻഷൻ | 23/02/2020 | 3/20-9/22 | 49600 |
| 14 | പൊന്നമ്മ ഒ. പി | 103980200834 | വാർദ്ധക്യകാല പെൻഷൻ | 01/04/2020 | 5/20-9/22 | 46400 |
| 15 | മാമ്മൻ | 103980200811 | വാർദ്ധക്യകാല പെൻഷൻ | 02/01/22 | 2/22-9/22 | 12800 |
| 16 | കെ ആർ രാജമ്മ | 103980201244 | വാർദ്ധക്യകാല പെൻഷൻ | 26/01/22 | 2/22-9/22 | 12800 |
| 17 | ഗോമതിയമ്മ കെ ജി | 103980201391 | വാർദ്ധക്യകാല പെൻഷൻ | 03/03/2022 | 4/22-9/22 | 9600 |
| 18 | ദാസ് | 103980200429 (DTH) | വാർദ്ധക്യകാല പെൻഷൻ | 10/03/22 | 4/22-9/22 | 9600 |
| 19 | രാമചന്ദ്രൻ നായർ കെ | 103980200309 | വാർദ്ധക്യകാല പെൻഷൻ | 13/08/21 | 9/21-9/22 | 20800 |
| 20 | രാജമ്മ കെ.എൻ | 103980200359 | വാർദ്ധക്യകാല പെൻഷൻ | 14/11/2021 | 12/21-9/22 | 16000 |
| | | | | | | 458400 |

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ് എന്നും പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇക്കാര്യത്തിലുണ്ടായിട്ടുള്ള വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/22)'ടി ഗുണഭോക്താക്കൾ മരണപ്പെട്ടെന്ന് അന്വേഷിച്ച് ഉറപ്പാക്കിയെന്നും പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്ത് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-26 മരണം രജിസ്റ്റർ ചെയ്തത് രണ്ട് പ്രാവശ്യം

ഗ്രാമപഞ്ചായത്തിലെ 2021-ലെ മരണ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ രാജപ്പൻ നായർ, മേപ്രത്ത് ഹൗസ്, പുതുശ്ശേരിമല എന്നയാളുടെ മരണം രണ്ടു പ്രാവശ്യം രജിസ്റ്റർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു (രജിസ്ട്രേഷൻ നം.156/21, 159/21). 04/09/21ൽ ഹാർട്ട് അറ്റാക്ക് ആയി മരണപ്പെട്ടു എന്ന റാന്നി താലൂക്ക് ആശുപത്രിയിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 156/2021നമ്പരായി 13/09/21-ൽ ടിയാളുടെ മരണം രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ 05/09/21-ൽ ശ്വാസകോശ സംബന്ധമായ രോഗങ്ങളാൽ വീട്ടിൽ വച്ച് മരണമടഞ്ഞു എന്ന് ശ്രീ.ലാലു എം.ആർ, മേപ്രത്ത് ഹൗസ് എന്നയാൾ നൽകിയ വിവരമനുസരിച്ച് വാർഡ് ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 159/2021 നമ്പരായി 17/09/21-ൽ മരണം വീണ്ടും രജിസ്റ്റർ ചെയ്തു. 04/09/21, 05/09/21 തീയതികളിൽ മരണപ്പെട്ടതായി കാണിച്ച് രണ്ടുപ്രാവശ്യം മരണം രജിസ്റ്റർ ചെയ്യാനിടയായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/22) മറുപടിയായി വാർഡ് ക്ലാർക്കിന് ലഭിച്ച തെറ്റായ വിവരം മൂലമാണ് ഈ പിഴവ് സംഭവിച്ചത് എന്നും 159/21നമ്പർ മരണ രജിസ്ട്രേഷൻ റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിച്ചെന്നും അറിയിച്ചു. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലുണ്ടായ വീഴ്ചയാണ് ഈ പിഴവിന് കാരണമായത്. ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കുവാൻ വകുപ്പ് തലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ

പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്റ്റ് (20/22)ആവിഷ്കരിക്കുകയും GeMമുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും 296809 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റിന്റെ ഭാഗമായി 4ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

| സ്ഥാപനം | വാങ്ങിയ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെ എണ്ണം | തുക |
|---|---|---|
| എലൈറ്റ് കമ്പ്യൂട്ടേഴ്സ് | 3( ACER 13) | 115470, 206/17.03.22 |
| ഹിൻഡ് ഡിജിറ്റൽ സൊലൂഷൻസ് | 1 | 49503, 76/28.10.21 |

ജി.ഒ(ആർ.റ്റി)99/2021/ഐ.റ്റി.ഡി.തീ.23.07.21 പ്രകാരം വകുപ്പുകൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം E-Goverance പദ്ധതിയുടെ ഭാഗമായി ഡെസ്ക്ടോപ്പുകൾക്കു പകരം ലാപ്ടോപ്പുകൾ വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. E-Goverance നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്ഥാപനമായിട്ടും ടി സർക്കാർ ഉത്തരവ് പാലിക്കാതെ ഡെസ്ക്ടോപ്പുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി സർക്കാർ ഉത്തരവിന് മുൻപ് തന്നെ പ്രോജക്റ്റ് അംഗീകാരം ലഭിച്ചതിനാലാണ് ഇപ്രകാരം ചെയ്തതെന്നാണ് മറുപടി നൽകിയത്. അംഗീകാരം കിട്ടിയ പ്രോജക്റ്റ് പ്രകാരം ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങാനാണ് ഉദ്ദേശിച്ചിരുന്നത്. 2/22-ൽ പ്രോജക്റ്റ് പുതുക്കി അംഗീകാരം വാങ്ങിയാണ് 3 ഡെസ്ക്ടോപ്പുകൾ കൂടി വാങ്ങിയത് എന്നതിനാൽ തന്നെ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പ്രോജക്റ്റ് നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ വർഷാന്ത്യത്തിൽ പൂർത്തീകരിക്കുന്ന രീതിയിലായിരുന്നു പദ്ധതി നിർവ്വഹണം. ഏകവർഷ പ്രോജക്റ്റുകളായി ആവിഷ്കരിച്ച മരാമത്ത് പ്രവൃത്തികൾ അതത് വർഷം തന്നെ നിർവ്വഹണം പൂർത്തിയാക്കി ഫണ്ട് ചെലവഴിക്കുന്നതിന് ഉദ്ദേശിച്ചുള്ളവയാണ്. പദ്ധതികളുടെ നിർവ്വഹണത്തിന് ഒരു കലണ്ടർ വർഷം പൂർണ്ണമായി ലഭിക്കുന്നതിനായാണ് വാർഷിക പദ്ധതിയ്ക്ക് വർഷാരംഭത്തിനു മുമ്പായി സർക്കാർ അംഗീകാരം നൽകുന്നത്. 2021-22 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് വർഷാരംഭത്തിൽതന്നെ അംഗീകാരം ലഭിച്ചെങ്കിലും മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ 2022 ഫെബ്രുവരി മാസം വരെ നീണ്ടുപോയി. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയ്ക്ക് ഡി.പി.സി.അംഗീകാരം ലഭിച്ചത് | 25/02/21 |
| ടെണ്ടർ ചെയ്തത് | 8/21, 9/21, 2/22 |
| ട്രഷറിയിൽ നിന്നും ബില്ലുകൾ മാറിയത് | 10/21-3<br>11/21-5<br>12/21-6<br>3/22-21 |

പ്രോജക്റ്റ് നിർവ്വഹണം അവസാന മാസങ്ങളിലേയ്ക്ക് നീളുന്നതിനാൽ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രോജക്റ്റുകൾ ആവിഷ്കരിക്കുവാൻ കഴിയാതെ ഫണ്ട് ലാപ്സാകുകയാണ്. ഇ-ടെണ്ടറിലൂടെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിന്റെ പ്രയോജനം ഇതുമൂലം ലഭിക്കുന്നില്ല. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. ചീഫ് എൻജിനീയറുടെ സർക്കുലറിലെ(സർക്കുലർ നം.ഡി.ബി.1/10690/2020/സി.ഇ./എൽ.ഐ.ഡി.&ഇ.ഡിബ്ല്യൂ.) നിർദ്ദേശമനുസരിച്ച് സ്കൂളുകളുടെ മെയിന്റൻസ് പ്രവൃത്തികൾ ഏപ്രിൽ - മേയ് മാസങ്ങളിൽ പൂർത്തീകരിക്കേണ്ട രീതിയിലും പുതിയ കെട്ടിട നിർമ്മാണ പ്രവർത്തികൾ ഏപ്രിലിൽ തന്നെ തുടങ്ങേണ്ട രീതിയിലും ക്രമീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. തുടർന്ന് റോഡ് കോൺക്രീറ്റ്, പാർശ്വഭിത്തി, ടാറിംഗ് പ്രവൃത്തി എന്ന മുൻഗണനാക്രമം അനുവർത്തിക്കേണ്ടതാണ്. പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കാലാവസ്ഥ, പ്രവൃത്തിയുടെ സ്വഭാവം എന്നിവ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ആവശ്യമായി പൂർത്തീകരണ സമയം അനുവദിക്കേണ്ടതും, ആയതിൽ കൂടുതൽ പൂർത്തീകരണ സമയം ആവശ്യമായ വരുന്ന ഘട്ടങ്ങളിൽ നിയമാനുസൃതമായി മാത്രം ദീർഘിപ്പിച്ചു നൽകേണ്ടതുമാണ്. ആവശ്യമെങ്കിൽ ബഹുവർഷ പ്രോജക്റ്റുകളായി തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടതാണ്.

## 1-29 കുളത്താനി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന കുളത്താനി കോളനിയിൽ കുടിവെള്ള പദ്ധതിയ്ക്കായി 2020-21 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 5 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. 2021-22 വർഷം സ്പിൽ ഓവറായി തുടർന്ന പദ്ധതി പ്രകാരം 260228 രൂപ ചെലവഴിച്ചിട്ടുണ്ട്. കോൺക്രീറ്റ് റിംഗ് ഇറക്കി കിണർ നവീകരണം, 3000L വാട്ടർ ടാങ്ക് , വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്റ്റീൽ സ്റ്റാൻഡ് എന്നീ പ്രവൃത്തികൾ 17/03/22-ന് പൂർത്തീകരിച്ചതായി കാണിച്ചാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള 250 മീറ്ററും ജി.ഐ. പൈപ്പ് സ്ഥാപിച്ചതായി കാണിച്ചാണ് പാർട്ട് ബിൽ നൽകിയത്. എന്നാൽ സ്ഥല പരിശോധനയിൽ ജി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ഭാഗികമായി മാത്രമാണ് പൂർത്തീകരിച്ചിരിക്കുന്നത്. 3000 L (ISI 12701) ലോക്കിംഗ് സൗകര്യത്തോടുകൂടിയ വാട്ടർ ടാങ്കിന് പകരം നിർദ്ദിഷ്ട ഗുണനിലവാരമില്ലാത്ത രണ്ട് 1500L വാട്ടർ ടാങ്കുകൾ റോഡരുകിൽ ഉപേക്ഷിച്ച നിലയിൽ കണ്ടു. മാർച്ച് 2022 മുതൽ ഈ നിലയിൽ തുടരുകയാണെന്ന് സ്ഥലവാസികൾ അറിയിച്ചു. ഭാഗികമായി പൂർത്തീകരിച്ച പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. വൈദ്യുത കണക്ഷനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. എഗ്രിമെന്റ് പ്രകാരം 30/10/20-ന് പ്രവൃത്തി ആരംഭിച്ച് 29/02/21-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. മരാമത്ത് പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകിയതിലും അപാകതയുണ്ട്. പാർട്ട് ബില്ലിൽ നിന്നും റിട്ടെൻഷൻ തുക( 2.5%) കുറവ് ചെയ്ത് തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. പൂർത്തീകരിക്കാത്ത പ്രവൃത്തിയ്ക്ക് 12% ജി.എസ്.ടി കോംപെൻസേഷൻ അനുവദിച്ചിട്ടുമുണ്ട്. 2.6 ലക്ഷം രൂപ ചെലവഴിച്ച പ്രവൃത്തി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/22) പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമെന്നും പാർട്ട് ബിൽ നൽകിയതിലുണ്ടായ അപാകതകൾ പരിഹരിച്ച് മാത്രമേ ഫൈനൽ ബിൽ നൽകുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 260228 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017 /തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി)നം. 2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 2021-22 വർഷം ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ വാങ്ങി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സെൻട്രൽ ജി.എസ്.റ്റി. വകുപ്പിനും സ്റ്റേറ്റ് ജി.എസ്.റ്റി. വകുപ്പിന് നൽകുകയോ തദ്ദേശ സ്ഥാപനം സൂക്ഷിക്കേണ്ട പകർപ്പ് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മരാമത്ത് പ്രവൃത്തികൾക്കായി സാധന സാമഗ്രികൾക്കും സേവനങ്ങൾക്കും കരാറുകാരൻ നൽകിയ ജി.എസ്.റ്റി. തുക അനുവദിച്ച ജി.എസ്.റ്റി. കോംപെൻസേഷനിൽ നിന്നും കുറച്ച് ബാക്കി തുക വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതോടൊപ്പം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എൻജിനീയർ നടപടിക്രമങ്ങൾ പാലിക്കാതെ ജി.എസ്.റ്റി. കോംപെൻസേഷൻ അനുവദിച്ചതിനാൽ കരാറുകാരൻ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ കൃത്യത, ജി.എസ്.റ്റി. റ്റി.ഡി.എസ്. സോഴ്സിൽ നിന്നും കുറവ് ചെയ്യാത്ത പ്രവൃത്തികളുടെ കാര്യത്തിൽ പ്രത്യേകിച്ചും, പരിശോധിക്കുവാൻ ജി.എസ്.റ്റി. വകുപ്പിന് കഴിയാത്ത സാഹചര്യം ഉണ്ടാകുന്നു. ഇത് സർക്കാരിന് നികുതി നഷ്ടത്തിന് ഇടയാക്കുന്നു. ഈ വിഷയം വകുപ്പ് തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | | ചെലവ് തുക |
|---|---|---|---|---|
| | | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | |
| ബ്ലോക്ക് പഞ്ചായത്ത്-റാന്നി | കുടുംബശ്രീ പുരുഷ സംഘങ്ങൾക്ക് വാഴവിത്ത് വിതരണം (131/21-22) | 200000 | | 20000 |
| ബ്ലോക്ക് പഞ്ചായത്ത്-റാന്നി | ലൈഫ് ഭവനപദ്ധതി- പട്ടിക വർഗ്ഗം (55/21-22) | 160000 | | 160000 |
| ബ്ലോക്ക് പഞ്ചായത്ത്-റാന്നി & ജില്ലാ പഞ്ചായത്ത്-പത്തനംതിട്ട | ലൈഫ് ഭവന പദ്ധതി- ജനറൽ-മൂന്നാംഘട്ടം (50/21-22) | 285500 | 440000 | 725500 |
| ജില്ലാ പഞ്ചായത്ത്-പത്തനംതിട്ട | ലൈഫ് ഭവന പദ്ധതി- പട്ടികജാതി-മൂന്നാംഘട്ടം(53/21-22) | | 250000 | 250000 |
| ബ്ലോക്ക് പഞ്ചായത്ത്-റാന്നി & ജില്ലാ പഞ്ചായത്ത്-പത്തനംതിട്ട | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് (25/21-22) | 142800 | 84800 | 227600 |
| ബ്ലോക്ക് പഞ്ചായത്ത്-റാന്നി& ജില്ലാ പഞ്ചായത്ത്-പത്തനംതിട്ട | അങ്കണവാടി പോഷകാഹാരം (9/21-22) | 98716 | 200000 | 298716 |
| ബ്ലോക്ക് പഞ്ചായത്ത്-റാന്നി& ജില്ലാ പഞ്ചായത്ത്-പത്തനംതിട്ട | പാലിന് സബ്സിഡി (59/21-22) | 95520 | 80000 | 175520 |

## 4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, 80/22 | 1126000 | 0 | 1126000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 79/22 | 864415 | 0 | 864415 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 1378650 | - | 414333 | | 964317 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2009-10 | | 1400 | ഇ.സി.സന്തോഷ് കുമാർ | 121010100915/30.07.21 |
| | | 3618 | ലീലാമ്മ, സെക്രട്ടറി | 121010400020/25.03.22 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1998-99 | 26 | 2001-02 | IV.3.5 | ഗവൺമെന്റ് അംഗീകാരം വാങ്ങാതെ പണി ചെയ്തു | നിലനിൽക്കുന്നു |
| 2 | 1992-93 | - | 2003-04 | - | എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് വീട് നിർമ്മാണം (53300/-) | നിലനിൽക്കുന്നു |
| 3 | 2001-02 | 2-8. | 2006-07 | 3.18.1.5 | ജനകീയാസൂത്രണം- വ്യക്തിഗത ആനുകൂല്യം (49500/-) -വൗച്ചറുകൾ /ഫയലുകൾ/ രേഖകൾ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 4 | 2002-03 | 2-12. | 2006-07 | 3.18.2 | തെരുവ് വിളക്ക് സ്ഥാപിക്കൽ-KSEBയ്ക്ക് അടവാക്കിയത് (138100/-) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 5 | 2014-15 | 2-3. | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |
| 6 | 2015-16 | 2-7. | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |
| 7 | 2016-17 | 3-1. | 2017-18 | - | റാന്നി ഗ്രാമപഞ്ചായത്ത് 3.64 കോടി കടക്കെണിയിൽ | നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 135044752 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 131408229 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 260228 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 260228 | ശ്രീ. അശ്വിൻ ചന്ദ്, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 260228 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

458400

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അശ്വിൻ ചന്ദ്, അസിസ്റ്റന്റ് എൻജിനീയർ | - | ശ്രീഹരി, എടവട്ടം, കാരുവേലിൽ(പി.ഒ), കൊല്ലം-691055 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ /തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3/28/00തീയതി 24-04-2001 | 1 (ഖ 26) |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/251/2006തീയതി 12-09-2006 | 1(ഖ 2-8 ) |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി5/591/2009 തീയതി 19-01-2010 | 1(ഖ 2-12) |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.8/188/11 തീയതി 07-05-2011/ 09-06-2011 | 1(ഖ 3-21) |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 6/159/2015 തീയതി 13-05-2015/ 23-05-2015 | 6(ഖ 3-1,3-5,3-6(1),3-6(2),3-7,3-10) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ -പി 6/837/2016 തീയതി 25-07-2016 | 3(ഖ 2-3,2-5(2),3-5(1)) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ -പി 6/1292/2016 തീയതി 03-12-2016 | 2(ഖ 2-5,2-7) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ-പി6/667 /2017തീയതി17.06.2017 | 1(ഖ 3-1) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി 6/89/2019 തീയതി: 22.02.2019 | 1(ഖ 3-1) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി 6/720/2019 തീയതി: 25.07.2019 | 2(ഖ 3-2,3-11) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി6-167/22തീയതി 09.03.2022 | 5 (ഖ.1-4,1-11,1-14,1-15,4-2) |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി6-168/22തീയതി 16.03.2022 | 8 (ഖ.1-4, 1-11, 1-12, 1-13, 1-16, 1-18, 1-21, 4-2) |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്